(ബി) ഇവർ ഓരോരുത്തരും എത്ര കാലമായി ഡെപ്യൂട്ടേഷനിൽ തുടരുന്നുവെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേരുടെ ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്തുവെന്നും എത്രപേർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഡെപ്യൂട്ടേഷനിൽ പോകുന്ന ജീവനക്കാരുടെ ഏതെല്ലാം ആനുകൂല്യങ്ങളാണ് മാതൃസ്ഥാപനത്തിൽ നിന്ന് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും ബോർഡുകളിലുമായി പൊതുഭരണ സെക്രട്ടേറിയറ്റിൽ നിന്നും 480 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഇവർ ഓരോരുത്തരും വിവിധ കാലയളവുകളിലായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു.

അവശേഷിക്കുന്ന വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുഭരണ സെക്രട്ടേറിയറ്റിൽ 607 പേർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുകയും 8 പേരുടെ ഡെപ്യൂട്ടേഷൻ റദ്ദു ചെയ്യുകയും ചെയ്തിട്ടുമുണ്ട്.

അവശേഷിക്കുന്ന വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഡെപ്യൂട്ടേഷനിൽ പോകുന്ന ജീവനക്കാർക്ക് ആനുകൂല്യങ്ങളൊന്നും മാതൃസ്ഥാപനത്തിൽ നിന്ന് അനുവദിക്കാറില്ല.

മലപ്പുറം ആംഡ് ബറ്റാലിയൻ വനിതാ പോലീസ് കോൺസ്റ്റബിൾ നിയമനം

16 (3519) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 262/2014 മലപ്പുറം ആംഡ് ബറ്റാലിയൻ വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് കാര്യമായി നിയമനം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 മെയ് മാസം 3-ാം തീയതി ഒരു വർഷം പൂർത്തിയായി കാലഹരണപ്പെടുന്ന പ്രസ്തുത ലിസ്റ്റിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിന് അടിയന്തരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) യൂണിഫോം തസ്തികകളിലേക്ക് നിയമനത്തിനുള്ള റാങ്ക് പട്ടികകളുടെ കാലാവധി ഒരു വർഷമായതിനാൽ പ്രസ്തുത കാലയളവിൽ നിയമനങ്ങൾ നടക്കാതെ ലിസ്റ്റ് ഇല്ലാതാവുകയും എല്ലാ വർഷവും പരീക്ഷ നടത്തേണ്ട അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ലിസ്റ്റുകളിൽ നിന്ന് മുഴുവൻ പേർക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ ഈ ലിസ്റ്റുകളുടെ കാലാവധി 2 വർഷമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ലിസ്റ്റ് നിലനിൽക്കുകയും, പകുതി പേർക്ക് പോലും നിയമനം ലഭിക്കാതിരിക്കുകയും ചെയ്ത ഈ സമയത്ത് പുതിയ ലിസ്റ്റിനായി പരീക്ഷ നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.എസ്.പി. മലപ്പുറം ബറ്റാലിയനിലേക്ക് വനിതാ സിവിൽ പോലീസ് ഓഫീസർമാരെ നിയമിക്കുന്നതിനായി 69 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ഇവർക്കുള്ള നിയമന ശിപാർശ പി.എസ്.സി.യിൽനിന്നും ലഭിച്ചിട്ടുള്ളതും വകുപ്പുതലത്തിൽ നിയമന നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ നിലവിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇനി ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) യൂണിഫോം തസ്തികകളിലേക്ക് വാർഷിക നിയമനം നടത്തുന്നതിന്റെ ഭാഗമായിട്ടാണ് പി.എസ്.സി. എല്ലാ വർഷവും പരീക്ഷ നടത്തുന്നത്. ഒരു വർഷ കാലയളവിൽ നിയമനങ്ങൾ നടക്കാതെ ലിസ്റ്റ് ഇല്ലാതാവുന്ന സാഹചര്യം ഉണ്ടായിട്ടില്ല. നിലവിലെ റാങ്ക് ലിസ്റ്റുകളിൽ നിന്നും 485 പേർക്ക് നിയമനത്തിനുള്ള നടപടിയായി.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഉണ്ട്. നിലവിലെ ലിസ്റ്റിൽനിന്നും പരമാവധി പേർക്ക് നിയമനം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും 485 പേരെ വനിതാ സിവിൽ പോലീസ് ഓഫീസർമാരായി നിയമിക്കാൻ നടപടി പൂർത്തിയാക്കി ട്രെയിനിംഗ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം

17 (3520) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് കാറ്റഗറിയിലേയ്ക്ക് തസ്തികമാറ്റം വഴി, ആദ്യം 2% വും പിന്നീട് 4% വും നിയമനം നൽകുന്ന ഉത്തരവ് പ്രകാരം, 2006 ജനുവരി മുതൽ ഇന്നു വരെ നിയമനം നടത്തിയിട്ടുള്ളത്എപ്രകാരമാണെന്ന വിവരം ലഭ്യമാക്കുമോ;

(ബി) 2006 മുതൽ 2011 ജനുവരി വരെ ടേൺ നിശ്ചയിച്ച് ശതമാനക്കണക്കിൽ നൽകിവരുന്ന പ്രസ്തുത പ്രൊമോഷൻ ഉത്തരവിൽ പറയാത്ത കേഡർ സ്ട്രെങ്ത്തിലേയ്ക്ക് മാറ്റാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(സി) പി.എസ്.സി.- യിൽ തസ്തികമാറ്റം വഴി താഴ്ന്നവിഭാഗം ജീവനക്കാർക്ക് അവസാനമായി നിയമനം നൽകിയ തീയതി, അതിന് ശേഷം എത്ര അസിസ്റ്റന്റ് ഒഴിവുകൾ വന്നിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) അട്ടിമറിക്കപ്പെട്ട പ്രസ്തുത പ്രൊമോഷൻ പുനഃപരിശോധിച്ച് നിലവിലെ ഉത്തരവ് പ്രകാരം പുനഃസ്ഥാപിക്കുമോ; പ്രസ്തുത ഉത്തരവ് അട്ടിമറിച്ചവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ;

(ഇ) ആയത് സംബന്ധിച്ച ഫയലിലെ കുറിപ്പ് പേജുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 25-01-2006-ലെ G.O.(Ms)No.31/06/GAD പ്രകാരം അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെങ്ത്തിന്റെ 2% ഒഴിവുകളാണ് തസ്തികമാറ്റം വഴിയുള്ള ജീവനക്കാർക്ക് നൽകിയിരുന്നത്. നൂറ് ഒഴിവ് വരുമ്പോൾ പതിനൊന്നാമത്തെയും അറുപത്തി ഒന്നാമത്തെയും ഒഴിവുകൾ ഈ വിഭാഗത്തിനായി മാറ്റിവച്ചിരുന്നു. കേഡർ സ്ട്രെങ്ത്തിന്റെ 2% കഴിയാതിരുന്നതിനാൽ ഈ രീതിയിൽ തസ്തികമാറ്റം നൽകി വന്നിരുന്നു. എന്നാൽ 2010-ൽ തസ്തികമാറ്റം വഴിയുള്ള നിയമനം 4% ആക്കി ഉയർത്തി. തുടർന്ന് 227 അസിസ്റ്റന്റ് കേഡർ സ്ട്രെങ്ത്തിന്റെ 4% ആയ 9 പേർക്ക് തസ്തികമാറ്റം വഴി നിയമനം നൽകി Quota പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly